# ഭൂമി കേസുകളിൽ റവന്യു വകുപ്പിന് മെല്ലെപ്പോക്ക്: സിഎജി

തിരുവനന്തപുരം ● റവന്യൂ, റജിസ്ട്രേഷൻ വകുപ്പുകൾക്കെതിരെയും സിഎജിയുടെ നിശിത വിമർശനം. ഭൂമി സംബന്ധിച്ച കണക്കുകൾ ശരിയായി സൂക്ഷിച്ചിട്ടില്ലെന്നു 5 ജില്ലകളിലെ പരിശോധന വ്യക്തമാക്കി. ഭൂമി കൈവശം വച്ചവർക്കെതിരെ റവന്യൂ വകുപ്പിനു മെല്ലെപ്പോക്കു നയമാണെന്നു റിപ്പോർട്ട് വിശദീകരിച്ച അക്കൗണ്ടന്റ് ജനറൽ കെ.പി. ആനന്ദ് വ്യക്തമാക്കി.

കാസർകോട്, വയനാട്, മലപ്പുറം, പാലക്കാട്, കോട്ടയം ജില്ലകളിലെ പരിശോധനയിലാണു 15 ഏക്കറിലേറെ ഭൂമി അനധികൃതമായി കൈവശം വച്ച 372 കേസുകൾ കണ്ടെത്തിയത്. 12,574 ഹെക്ടർ ഭൂമി ഉൾപ്പെട്ട 358 കേസുകൾ റിപ്പോർട്ട് ചെയ്യാൻ റവന്യൂ വകുപ്പ് തയാറായില്ല. മിച്ചഭൂമി സംരക്ഷണത്തിനു വേണ്ട വിശദമായ ഡേറ്റാബേസ് ഇല്ലാത്തതു പൊതുഭൂമി നഷ്ടപ്പെടാൻ കാരണമാകുന്നു. താലൂക്ക് അടിസ്ഥാനത്തിലുള്ള മിച്ചഭൂമി കണക്കുകൾ റവന്യൂ വകുപ്പ് സൂക്ഷിക്കാത്തതിനും വിമർശനമുണ്ട്.

15 ഏക്കറിലേറെ ഭൂമി കൈവശം വച്ചിരിക്കുന്ന 184 പ്രമാണങ്ങൾ നിയമവിരുദ്ധമായി റജിസ്റ്റർ ചെയ്തു. 5192 ഹെക്ടർ ഭൂമിയാണ് ഇങ്ങനെ കൈമാറിയത്. 311 കോടി രൂപയാണ് ഇതിന്റെ മതിപ്പു വിലയെന്നും ഓഡിറ്റ് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. 499 കോടി മതിപ്പു വിലയുള്ള 2141 ഹെക്ടർ ഭൂമിയുമായി ബന്ധപ്പെട്ട 114 കേസുകളിൽ നടപടി ആരംഭിച്ചിട്ടില്ല.

റജിസ്ട്രേഷൻ വകുപ്പിൽ ജനങ്ങൾക്കു നൽകേണ്ട സേവനങ്ങൾ സംബന്ധിച്ചു വ്യവസ്ഥയില്ല. പാസ്‌വേഡ് സുരക്ഷ ഇല്ലാത്തതിനാൽ ഇ-സ്റ്റാംപുകൾ സുരക്ഷിതമല്ല. കംപ്യൂട്ടർവൽക്കരണവും പരാജയമായി. നിർമാണ പദ്ധതികളിലെ ഹൗസിങ് ബോർഡിന്റെ വീഴ്ചകളും റിപ്പോർട്ടിൽ എണ്ണിയെണ്ണി പറഞ്ഞിട്ടുണ്ട്.